ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ഈ കഥകളിക്കാക്ക് പണ്ട് ഇരുനാഴി അരിയും മുന്നു പണവുമാണ് കൊടുത്തിരുന്നതു്. ആ കണക്കനുസരിച്ചാണ് അവക്ക് ശമ്പളം നിശ്ചയിച്ചിട്ടുള്ളതു് ഒരു കഥകളിനടനാകണമെങ്കിൽ 15-, 20-ം കൊല്ലം പരിശീലനം നേടണം. ഒരു ഡാക്ടറാകുകയാണെങ്കിൽ അയാൾക്ക് പ്രൈവറ്റ് പ്രാക്ടീസ് ആകാം. എന്നാൽ കഥകളി നടനാക്ക് അതു സാദ്ധ്യമല്ല. ഒരു ഡാക്ടക്ക് കുറഞ്ഞതു 250 രൂപാ ശമ്പളം അനുവദിച്ചിട്ടുണ്ട്. ആ സ്ഥിതിക്കു പതിനഞ്ചു കൊല്ലം പഠിച്ചു ഒരു നടനായ കഥകളിക്കാരനു ജീവിക്കണമെങ്കിൽ ശമ്പളം എങ്കിലും കൊടുക്കണം കാര്യം ഗവണ്മെൻറു് ആലോചിക്കുമോ ?

(ഉത്തരമില്ല.)

കൊയ്ത്തുകൂ നിർമ്മാർജ്ജനം.

704. [7] † ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഏതെല്ലാം മുനിസിപ്പാലിറ്റികൾക്കു് കൊയ്ത്തുകൂ നിർമ്മാർജ്ജനത്തിനു മുന്നു തളിക്കുവാനും മറ്റും ഗവണ്മെൻറു ധനസഹായം നൽകുന്നുണ്ടു് ;

(ബി) കോഴിക്കോടു് കാർപ്പറേഷനു് ഇതുവരെ ഈ സംഗതിക്കു് ഗ്രാൻറു കൊടുത്തിട്ടുണ്ടോ ;

(സി) അവിടെ കൊയ്ത്തുകൂകടി അസഹ്യമായി തീർന്നിട്ടുണ്ടെന്നുള്ളതിനെ പരിഗണിച്ചു. ഗണ്യമായ ഒരു തുക ഗ്രാൻറായി നൽകുവാൻ ഗവണ്മെൻറു ശ്രദ്ധിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) നിയമാനുസൃതം അപേക്ഷിക്കുന്ന എല്ലാ മുനിസിപ്പാലിറ്റികൾക്കും ധനസഹായം നൽകുന്നുണ്ടു്.

(ബി) 1960 ഏപ്രിലിനുശേഷം കൊടുത്തിട്ടില്ല.

(സി) 1960 ഏപ്രിലിനുശേഷം കോർപ്പറേഷൻ ഗ്രാൻറിനു അപേക്ഷിച്ചിട്ടില്ല. നിയമാനുസൃതം അപേക്ഷ സമർപ്പിക്കുമ്പോൾ അതേക്കുറിച്ചു പരിഗണിക്കുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : നിയമാനുസൃതം അപേക്ഷിക്കുക എന്നു ബഹുമാനപ്പെട്ടമന്ത്രി പറഞ്ഞതു എങ്ങനെയാണെന്നു വ്യക്തമാക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഗ്രാൻറിനു അപേക്ഷിക്കുവാനുള്ള റൂൾസ് ഉണ്ടു്. അതുകൊണ്ടാണു് നിയമാനുസൃതം എന്നു പറഞ്ഞതു്. എന്നാൽ കോഴിക്കോടുകാർപ്പറേഷനെ സംബന്ധിച്ചിടത്തോളം ഒരു അപേക്ഷയും വന്നിട്ടില്ല.

ശ്രീ. പി. സി. രാഘവൻ നായർ : സ്ഥിരമായ ഡ്രെയിനേജ് സ്കീം നടപ്പിലാകുന്നതുവരെ അഴുക്കുചോനലുകളും മറ്റും ഉണ്ടാക്കാൻ ഒരു പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടു് ; ചില മുനിസിപ്പാലിറ്റികളെസംബന്ധിച്ചിടത്തോളം ; അതുപോലെ കോഴിക്കോട്ടും ഈ അഴുക്കുചോനലുകളും മറ്റും ഉണ്ടാക്കാൻ അനുവാദം കൊടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനെസംബന്ധിച്ചിടത്തോളം മിക്കവാറും എല്ലാ മുനിസിപ്പാലിറ്റികളും പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണു്. എന്നാൽ ഇവിടെ കോഴിക്കോടു കാർപ്പറേഷനു് ഇതുസംബന്ധിച്ചു് ഗ്രാൻറു കൊടുക്കുന്നതിനെപ്പറ്റിയാണു ചോദ്യം. അങ്ങനെയുള്ളകാര്യത്തിനു കോഴിക്കോടുകാർപ്പറേഷനിൽനിന്നും ഗ്രാൻറിനു അപേക്ഷ ലഭിച്ചിട്ടില്ല.

† Put by Shri M. Narayanan Kurup.

LIBRARY ARCHIVES Kerala Legislative Assembly